# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഏപ്രിൽ 4<br>April 4 | 2019 |
|---|---|

***1193 മീനം 21 വ്യാഴം***

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ലോക്സഭാ തെരഞ്ഞെടുപ്പ് 2019**

**ജില്ലയിൽ വോട്ടർമാരുടെ എണ്ണം 10 ലക്ഷം കവിഞ്ഞു**

പത്തനംതിട്ട ജില്ലയിൽ വോട്ടർമാരുടെ ആകെ എണ്ണം 10 ലക്ഷം കവിഞ്ഞു. 2019 ഏപ്രിൽ നാലിലെ കണക്കുപ്രകാരം 10,21,144 പേർക്കാണ് ജില്ലയിൽ വോട്ടവകാശമുള്ളത്. കോട്ടയം ജില്ലയിൽ ഉൾപ്പെടുന്ന പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി നിയമസഭാ മണ്ഡലങ്ങളിലെ അന്തിമകണക്കുകൂടി വരുന്നതോടെ പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിലെ ആകെ വോട്ടർമാരുടെ എണ്ണം 14 ലക്ഷം കവിയുമെന്നാണ് കണക്കുകൂട്ടൽ.

ഈ വർഷം ജനുവരി 30 വരെ ജില്ലയിൽ 9,92,483 വോട്ടർമാരാണ് ഉണ്ടായിരുന്നത്. ഇതിപ്പോൾ 10,21,144 ആയി വർധിച്ചു. ഫെബ്രുവരി മുതൽ മാർച്ച് 25 വരെയുള്ള ദിവസങ്ങൾക്കിടയിൽ നടത്തിയ പ്രത്യേക ഡ്രൈവ് വഴി 28,661 പേർ വോട്ടവകാശം വിനിയോഗിക്കുന്നതിന് അർഹതനേടി. ജില്ലയിലെ മണ്ഡലങ്ങളിൽ സ്ത്രീവോട്ടർമാരാണ് കൂടുതലെങ്കിലും രണ്ടുമാസത്തിനിടെ വോട്ടർപട്ടികയിൽ പേര് ചേർത്തതിൽ ഭൂരിപക്ഷം പുരുഷൻമാരാണ്. 15345 പുരുഷൻമാരാണ് മാർച്ച് 25ന് മുമ്പ് വോട്ടർപട്ടികയിൽ പേര് ചേർത്തത്. പുരുഷൻമാരായ ആകെ വോട്ടർമാരുടെ എണ്ണം 4,69,065 ൽനിന്നും 4,84,410 ആയി ഉയർന്നു. രണ്ടുമാസത്തിനിടെ 13,136 വോട്ടർമാർ മാത്രമേ വർധിച്ചുള്ളൂവെങ്കിലും ജില്ലയിൽ കൂടുതൽ ഇപ്പോഴും സ്ത്രീ വോട്ടർമാർതന്നെ 5,23,416 സ്ത്രീ വോട്ടർമാർ ഉണ്ടായിരുന്നത് 5,36,732 പേരായി ഉയർന്നു. ട്രാൻസ്ജെൻഡർ വിഭാഗത്തിൽ രണ്ട് വോട്ടർമാരാണുള്ളത്.

സ്ത്രീ വോട്ടർമാരും പുരുഷ വോട്ടർമാരും കൂടുതലുള്ളത് ആറന്മുളയിലാണ്. 1,07,473 പുരുഷൻമാരും 1,20,296 സ്ത്രീകളും ഒരു ട്രാൻസ്ജെൻഡറുമടക്കം 2,27,770 വോട്ടർമാരുമായി ആകെയുള്ള കണക്കിലും ആറന്മുള തന്നെ മുന്നിൽ. പുരുഷവോട്ടർമാർ കുറവ് കോന്നിയിലും സ്ത്രീ വോട്ടർമാർ കുറവ് റാന്നിയിലുമാണ്. കോന്നിയിൽ 92,032 പുരുഷവോട്ടർമാരും റാന്നിയിൽ 98,376 സ്ത്രീ വോട്ടർമാരുമാണുള്ളത്. റാന്നിയിൽ പുരുഷ വോട്ടർമാർ 92,288 ആണെങ്കിൽ കോന്നിയിൽ സ്ത്രീ വോട്ടർമാരുടെ എണ്ണം 1,02,673 ആണ്. കോന്നിയിൽ 194705ഉം റാന്നിയിൽ 190664ഉം വോട്ടർമാരുണ്ട്. ആകെ വോട്ടർമാർ ഏറ്റവും കുറവുള്ളത് റാന്നി മണ്ഡലത്തിലാണ്.

അടൂരിലും തിരുവല്ലയിലും രണ്ടുലക്ഷത്തിൽപരം വോട്ടർമാരുണ്ട്. തിരുവല്ലയിൽ 97,743 പുരുഷൻമാരും 1,07,303 സ്ത്രീകളും അടക്കം 2,05,046 വോട്ടർമാരാണുള്ളത്. അടൂരിൽ 94,874 പുരുഷൻമാരും 1,08,084 സ്ത്രീകളും ഒരു ട്രാൻസ്ജെൻഡറുമടക്കം 2,02,959 വോട്ടർമാരുണ്ട്. (ഇലക്ഷൻ: 124/19)

## പൊതു നിരീക്ഷകൻ സഹദേബ് ദാസ് ഐഎഎസ് ചുമതലയേറ്റു

പത്തനംതിട്ട ലോക്സഭാ മണ്ഡലം തെരഞ്ഞെടുപ്പ് പൊതുനിരീക്ഷകനായി സഹദേബ് ദാസ് ഐഎഎസ് ജില്ലയിൽ ചുമതലയേറ്റു. ത്രിപുര ഗവൺമെന്റ് സെക്രട്ടറിയായി സേവനമനുഷ്ഠിക്കുകയാണ് 2004 ബാച്ച് ഐഎഎസ് ഓഫീസറായ അദ്ദേഹം. എല്ലാ ദിവസവും വൈകുന്നേരം ആറു മുതൽ ഏഴു വരെ പൊതുജനങ്ങൾക്കും രാഷ്ട്രീയ പാർട്ടിക്കാർക്കും നേരിട്ട് കാണുവാനും തെരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള പരാതികളും നിർദ്ദേശങ്ങളും നേരിട്ട് അറിയിക്കാനും ക്യാമ്പ് ഓഫീസിൽ അവസരമുണ്ടായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. വൈകിട്ട് ഏഴു മുതൽ പത്തു വരെ ഫോണിലൂടെയും ജനങ്ങൾക്ക് ബന്ധപ്പെടാനുള്ള അവസരം സജ്ജമാക്കിയിട്ടുണ്ട്. 9188619601 എന്ന നമ്പറിൽ ജനങ്ങൾക്ക് പരാതികളും നിർദേശങ്ങളും പൊതു നിരീക്ഷകനെ അറിയിക്കാം. പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിലാണ് നിരീക്ഷകരുടെ ക്യാമ്പ് ഓഫീസ് പ്രവർത്തിക്കുന്നത്. (ഇലക്ഷൻ: 125/19)

## തെരഞ്ഞെടുപ്പ് പ്രചാരണത്തിന് പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങൾ ഉപയോഗിക്കണം: ജില്ലാ കളക്ടർ

ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങൾ ഉപയോഗിക്കണമെന്ന് ജില്ലാ കളക്ടറും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറുമായ പിബി നൂഹ് അറിയിച്ചു. പൊതുമരാമത്ത് വകുപ്പിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും റോഡുകളിലും, സർക്കാർ സ്ഥാപനങ്ങളുടെ ചുവരുകൾ, മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലും തെരഞ്ഞടുപ്പ് സാമഗ്രികൾ പതിക്കുകയും ചുവരെഴുത്ത് നടക്കുകയും ചെയ്യുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അത്തരം സാമഗ്രികൾ അടിയന്തരമായി നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് കളക്ടർ പുതിയ ഉത്തരവിറക്കി. സർക്കാർ ചെലവിൽ അത് നീക്കം ചെയ്യേണ്ടി വന്നാൽ അതിനുള്ള ചെലവ് ബന്ധപ്പെട്ട സ്ഥാനാർഥിയുടെ തെരഞ്ഞെടുപ്പ് ചെലവിൽ ഉൾപ്പെടുത്തുമെന്നും കളക്ടർ പറഞ്ഞു.

(ഇലക്ഷൻ: 127/19)

## ജില്ലയിൽ 25 സ്ത്രീ– സൗഹൃദ പോളിങ് ബൂത്തുകൾ

ലോക്സഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് ജില്ലയിൽ അഞ്ച് മണ്ഡലങ്ങളിലെ 25 പോളിംഗ് ബൂത്തുകൾ സ്ത്രീ– സൗഹൃദ പോളിംഗ് ബൂത്തുകളായിരിക്കുമെന്ന് ജില്ലാ കളക്ടറും തെരഞ്ഞടുപ്പ് ഓഫീസറുമായ പി ബി നൂഹ് അറിയിച്ചു. തിരുവല്ല, റാന്നി, ആറന്മുള, കോന്നി, അടൂർ എന്നീ മണ്ഡലങ്ങളിലെ അഞ്ച് പോളിംഗ് ബൂത്തുകൾ വീതമാണ് സ്ത്രീ

സൗഹൃദ പോളിംഗ് ബൂത്തുകളാക്കി മാറ്റിയിരിക്കുന്നത്. ഈ ബൂത്തുകളിൽ പോളിംഗ് ഉദ്യോഗസ്ഥരായി നിയമിക്കുന്നത് പൂർണമായും സ്ത്രീകളെയായിരിക്കും.

പ്രായമായ സ്ത്രീകളെ പോളിംഗ് ബൂത്തുകളിൽ എത്തിക്കുന്നതിന് എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്തും. പഞ്ചായത്തു തലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേതടക്കമുള്ള വാഹനങ്ങൾ, സ്വകാര്യ വാഹനങ്ങൾ എന്നിവ സജ്ജമാക്കി അംഗപരിമിതരെ പോളിങ് ബൂത്തിലെത്തിക്കും. ഇവർക്ക് ബൂത്തുകളിൽ വീൽചെയർ സൗകര്യം, ഇരിപ്പിടം, കുടിവെള്ള സൗകര്യം എന്നിവ ലഭ്യമാക്കും. കൂടാതെ ബൂത്തുകളിൽ മുലയൂട്ടലിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുമെന്നും, ബൂത്തുതലത്തിൽ തന്നെ അംഗപരിമിതരെ കണ്ടെത്തി വോട്ട് ചെയ്യാനുള്ള സജ്ജീകരണങ്ങൾ ഒരുക്കുമെന്നും കളക്ടർ പറഞ്ഞു. ഓരോ ബൂത്തുകളിലും ഒരു പ്രിസൈഡിംഗ് ഓഫീസറുൾപ്പടെ നാല് വനിതാ ഉദ്യോഗസ്ഥരാണ് ഉണ്ടാകുക.

തിരുവല്ല മണ്ഡലത്തിൽ നെടുങ്ങാടപ്പള്ളി സെന്റ് ഫിലോമിന യുപി സ്കൂൾ, വാരിക്കാട് ബെഥേൽ കമ്മ്യൂണിറ്റി യുപി സ്കൂൾ, തിരുവല്ല റെജിന മുണ്ടി ഇംഗ്ലീഷ് മീഡിയം സ്കൂൾ, കാവുംഭാഗം ഡിബിഎച്ച്എസ്എസ്, തിരുമൂലപുരം എസ്എൻവി എച്ച് എസ് എന്നീ സ് കൂളുകളും, റാന്നി നിയോജക മണ്ഡലത്തിൽ വെച്ചൂച്ചിറ സിഎംഎസ് എൽപി സ്കൂൾ, പെരുനാട് ഗവ. എൽപി സ്കൂൾ, പഴവങ്ങാടി ഗവ. യുപിഎസ് സ്കൂൾ, റാന്നി എം എസ് എച്ച്എസ്എസ്, വടശേരിക്കര റ്റിറ്റിറ്റിഎം വിഎച്ച്എസ്എസ് എന്നിവയാണ് വനിതാ സൗഹൃദ ബൂത്തുകൾ. ആറന്മുള നിയോജക മണ്ഡലത്തിൽ കിടങ്ങന്നൂർ ഗവ എൽപിഎസ് ( സൗത്ത് ബിൽഡിംഗ്), കിടങ്ങന്നൂർ ഗവ എൽപിഎസ് (നോർത്ത് ബിൽഡിംഗ്), മെഴുവേലി പദ്മനാഭോദയംഹയർസെക്കൻഡറി സ്കൂൾ(നോർത്തേൺ സൈഡ്), മെഴുവേലി പദ്മനാഭോദയം ഹയർസെക്കൻഡറി സ്കൂൾ(സതേൺ സൈഡ്), പത്തനംതിട്ട മർത്തോമ ഹയർസെക്കൻഡറി സ്കൂൾ, കോന്നി നിയോജക മണ്ഡലത്തിൽ കോന്നി ജിഎച്ച്എസ് പ്രധാന കെട്ടിടം, എലിയറയ്ക്കൽ അമൃത വിഎച്ച്എസ്എസ്, വള്ളിക്കോട് പിഡിയുപിഎസ്, മങ്ങാട് ന്യൂമാൻ സെൻട്രൽ സ്കൂൾ, ഇളമണ്ണൂർ വിഎച്ച്എസ്ഇ, അടൂർ നിയോജക മണ്ഡലത്തിലെ തട്ടയിൽ ശ്രീകൃഷ്ണ വിലാസം യുപിഎസ്, അടൂർ ഗവ. യുപിഎസ്, കരുവാറ്റ ഗവ മോഡൽ എൽപി സ്കൂൾ, കടമ്പനാട് ലക്ഷ്മി വിലാസം എൽപി സ്കൂൾ, ഏഴംകുളം ഗവ എൽപി സ്കൂൾ എന്നിവിടങ്ങളിലാണ് സ്ത്രീ–സൗഹൃദ പോളിങ് ബൂത്തുകൾ ഒരുക്കിയിരിക്കുന്നത്. (ഇലക്ഷൻ: 128/19)

## നിരീക്ഷകരുടെ അവലോകന യോഗം ഇന്ന് (5)

ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പൊതുനിരീക്ഷകന്റെയും പോലീസ് നിരീ ക്ഷകന്റെയും സാന്നിധ്യത്തിൽ ഇന്ന് (5) രാവിലെ 9.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ അവലോകനയോഗം ചേരുമെന്ന് ജില്ലാ കളക്ടറും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറു മായ പി.ബി.നൂഹ് അറിയിച്ചു. (ഇലക്ഷൻ: 129/19)

## കുടിവെള്ള വിതരണം
## വാഹനത്തിൽ ലൈസൻസ് പ്രദർശിപ്പിക്കണം

ജില്ലയിൽ കുടിവെള്ള വിതരണം നടത്തുന്ന ഭക്ഷ്യസംരംഭകർ അവരുടെ എഫ്എസ്എ സ്എഐ ലൈസൻസ് വാഹനത്തിൽ പ്രദർശിപ്പിക്കണമെന്ന് ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ അറിയിച്ചു. ജില്ലയിൽ അനധികൃതമായി കുടിവെള്ളം വിതരണം ചെയ്യുന്നതായി വ്യാപകമായ പരാതി ഉയർന്നിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ കുടിവെള്ളം വിതരണം നടത്തുന്നവർക്കെതിരെ കർശന നടപടിയെടുക്കും. പരിശോധനാ സമയത്ത് വാഹനത്തിൽ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഉണ്ടായിരിക്ക

ണം. വിതരണം ചെയ്യുന്ന കുടിവെള്ളം പരിശോധിച്ച റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കണം. വാഹനത്തിൽ കുടിവെള്ളം എന്ന ബോർഡും ലൈസൻസ് നമ്പരും വ്യക്തമായി കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്നും കമ്മീഷണർ അറിയിച്ചു.

ഉപഭോക്താക്കൾക്ക് ഇത് സംബന്ധിച്ച പരാതികൾ താഴെ പറയുന്ന നമ്പരുകളിൽ അറിയിക്കാം. അസിസ്റ്റന്റ് കമ്മീഷണർ-8943346183, സർക്കിൾ അടൂർ- 8943346589, ആറന്മുള-8943346539, കോന്നി- 7593000862, നോഡൽ ഓഫീസർ- 9072639572.

(പിഎൻപി 998/19)

## കായികരംഗത്തെ പ്രോത്സാഹിപ്പിക്കുവാൻ കിഡ്സ് അത്‌ലറ്റിക്സ് പദ്ധതി

ലോക കായികരംഗത്തെ ഏറ്റവും പ്രധാനമായ കിഡ്സ് അത്‌ലറ്റിക്സ് കേരളത്തിലെ വിദ്യാലയങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ മൂന്ന് പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കുന്നു. 2005-ൽ അന്താരാഷ്ട്ര അത്‌ലറ്റിക് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പദ്ധതി 2013ലാണ് ഇന്ത്യയിൽ എത്തിയത്. വളരെ കുറഞ്ഞ കളിസ്ഥലം (20 സെന്റ്) മാത്രമേ ഈ പദ്ധതിക്ക് ആവശ്യമുള്ളു. അപകടം തീരെ ഇല്ലാത്ത രീതിയിൽ കേരളീയമായി തയ്യാറാക്കപ്പെട്ട ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയാണ് കേരളത്തിൽ ഇത് നടപ്പിലാക്കുന്നത്.

കേരള അത്‌ലറ്റിക് അസോസിയേഷനും സമഗ്രശിക്ഷ കേരളയും സംയുക്തമായി സംഘടിപ്പിക്കുന്ന ഈ പദ്ധതി പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ആറ് മുതൽ 12 വയസ് വരെയുള്ള കുട്ടികൾക്കുവേണ്ടിയാണ് നടപ്പാക്കുന്നത്. 30000 രൂപയാണ് 23 വ്യത്യസ്ത ഉപകരണങ്ങൾ അടങ്ങുന്ന ഒരു കിറ്റിനായി സമഗ്രശിക്ഷ കേരള ചെലവഴിക്കുന്നത്. അയിരൂർ, ഏഴംകുളം, കലഞ്ഞൂർ എന്നീ പഞ്ചായത്തുകളിലെ ഓരോ എൽ.പി സ്കൂളുകൾക്കാണ് കിറ്റുകൾ നൽകിയത്. പഞ്ചായത്തിലെ മുഴുവൻ എൽ.പി സ്കൂളുകൾക്കും പദ്ധതിയുടെ ഗുണം ലഭിക്കത്തക്കവിധം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായാണ് പദ്ധതി നടപ്പിലാക്കുന്നത്. അധ്യാപകർക്ക് ആവശ്യമായ പരിശീലനം ബി.ആർ.സികൾ വഴി സമഗ്രശിക്ഷ കേരളം നൽകും. സമഗ്രശിക്ഷ കേരളം ജില്ലാ പ്രോജക്ട് ഓഫീസർ ഡോ.ആർ.വിജയമോഹനൻ സ്കൂളുകൾക്കുള്ള കിഡ്സ് അത്‌ലറ്റിക്സ് കിറ്റ് വിതരണം ചെയ്തു. പ്രഥമാധ്യാപകർ കിറ്റ് ഏറ്റുവാങ്ങി. ബ്ലോക്ക് പ്രോഗ്രാം ഓഫീസറായ എൻ.എസ് രാജേന്ദ്രകുമാർ (കോന്നി), പ്രകാശ് എ.കെ (വെണ്ണിക്കുളം), ജോസ് മാത്യു (അടൂർ), അനില ബി.ആർ (എ.ഇ.ഒ, വെണ്ണിക്കുളം) എന്നിവർ യോഗത്തിൽ സംബന്ധിച്ചു.

(പിഎൻപി 999/19)

## അവധിക്കാല അധ്യാപ പരിശീലനം
## സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് ശില്പശാല ആരംഭിച്ചു

അവധിക്കാല അധ്യാപക പരിശീലനത്തിലേക്കുള്ള റിസോഴ്സ് പേഴ്സൺമാർക്കുള്ള സംസ്ഥാനതല ശില്പശാല പഴകുളം പാസിൽ ആരംഭിച്ചു. ഡയറ്റ് പ്രിൻസിപ്പാൾ പി.ലാലിക്കുട്ടി ശില്പശാല ഉദ്ഘാടനം ചെയ്തു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടത്തുന്ന അധ്യാപക പരിശീലനം അഞ്ച് ദിവസം നീണ്ടുനിൽക്കും. വിദ്യാഭ്യാസ ഉപഡയറക്ടർ പി.എ ശാന്തമ്മ, സമഗ്രശിക്ഷ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ കെ.ജെ.ഹരികുമാർ, സ്റ്റേറ്റ് കൺസൾട്ടന്റ് ഡോ.ടി.പി കലാധരൻ, ജില്ലാ പ്രോജക്ട് ഓഫീസർ ഡോ.ആർ.വിജയമോഹനൻ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജില്ലാ കോ-ഓർഡിനേറ്റർ എസ്.രാജേഷ്, പ്രോഗ്രാം ഓഫീസർ പി.എ സിന്ധു എന്നിവർ ശില്പശാലയ്ക്ക് മേൽനോട്ടം വഹിക്കുന്നു.

സംസ്ഥാനതല ശില്പശാലയ്ക്കു ശേഷം ജില്ലാതല ശില്പശാലയും തുടർന്ന് അധ്യാപകർക്ക് നാല് ദിവസത്തെ പരിശീലനവും നൽകും. ഐ.സി.ടി പരിശീലനം ഉൾപ്പെടെ ആകെ എട്ട് ദിവസത്തെ പരിശീലനത്തിലാണ് പ്രൈമറി അധ്യാപകർ പങ്കെടുക്കേണ്ടത്.

(പിഎൻപി 1000/19)

**ഫോട്ടോ അടിക്കുറിപ്പ്**

1) സ്കൂളുകൾക്കുള്ള കിഡ്സ് അത്‌ലറ്റിക്സ് കിറ്റ് സമഗ്രശിക്ഷ കേരളം ജില്ലാ പ്രോജക്ട് ഓഫീസർ ഡോ.ആർ.വിജയമോഹനൻ വിതരണം ചെയ്യുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഏപ്രിൽ 4<br>April 4 | 2019 |
|---|---|

*1193 മീനം 21 വ്യാഴം*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ലോക്സഭാ തെരഞ്ഞെടുപ്പ് 2019**

**ആകെ സ്ഥാനാർഥികൾ 11 പേർ; സൂക്ഷ്മ പരിശോധന ഇന്ന് (5)**

സമയപരിധി അവസാനിച്ച ഇന്നലെ (4) മൂന്ന് മണി വരെ പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ നാമനിർദേശപത്രിക സമർപ്പിച്ചത് ആകെ 11 പേർ. ഇതുവരെ ആകെ 23 സെറ്റ് പത്രികകൾ ലഭിച്ചു. ഇന്നലെ മാത്രം അഞ്ച് സ്ഥാനാർഥികൾ പുതുതായി നാമനിർദേശപത്രികകൾ സമർപ്പിച്ചു. കോൺഗ്രസ് സ്ഥാനാർഥിയായ ആന്റോ ആന്റണി നാല് സെറ്റ് പത്രിക സമർപ്പിച്ചു. എൽഡിഎഫ് സ്ഥാനാർഥി വീണാജോർജിനുവേണ്ടി രണ്ട് സെറ്റ് പത്രികകൾ ഇന്നലെ (4) പുതുതായി സമർപ്പിച്ചു. എൻഡിഎ സ്ഥാനാർഥി കെ.സുരേന്ദ്രനുവേണ്ടി ഒരു സെറ്റ് പത്രിക പുതുതായി സമർപ്പിച്ചു. എപിഐ സ്ഥാനാർഥി ജോസ് ജോർജ് ഒരു സെറ്റ് പത്രിക സമർപ്പിച്ചു. സ്വതന്ത്ര സ്ഥാനാർഥികളായ അശോകൻ, പുഷ്പാംഗദൻ, വീണ വി എന്നിവർ ഓരോ സെറ്റ് പത്രിക സമർപ്പിച്ചു.

ഇന്ന് നാമനിർദ്ദേശ പത്രികകളിൻമേൽ സൂക്ഷമപരിശോധന നടക്കും. ഈമാസം എട്ടുവരെ പത്രിക പിൻവലിക്കാൻ അവസരമുണ്ട്. അതിനുശേഷമേ സ്ഥാനാർഥി പട്ടികയ്ക്ക് അന്തിമരൂപമാകുകയുള്ളൂ. ഏപ്രിൽ 23 നാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്.

(ഇലക്ഷൻ: 130/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്